# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5239 26.03.2018ൽ മറുപടി നൽകേണ്ടത്.

## സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാഭ്യാസം പുന:സംഘടിപ്പിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം അവലോകനം ചെയ്യാറുണ്ടോ; എങ്കിൽ വിശദീകരിക്കാമോ; | (എ) | ഉണ്ട്. സംസ്ഥാന സർക്കാരിന്റേയും കേന്ദ്രസർക്കാരിന്റേയും സാമ്പത്തിക സഹായം ലഭിക്കുന്ന എല്ലാ അംഗീകൃത സ്പെഷ്യൽ സ്കൂളുകളിലും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവർ എല്ലാ വർഷവും സന്ദർശനം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തുകയും അപാകതകൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകാറുമുണ്ട്. കൂടാതെ പൊതു വിദ്യാഭ്യാസ ഡയറക്ടറും സ്കൂളുകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ അവലോകനം ചെയ്തുവരുന്നുണ്ട്. |
| (ബി) | ഇത്തരം സ്കൂളുകളിലെ കുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ വികസിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; | (ബി) | പരിഷ്കരിച്ച പാഠ്യപദ്ധതി പ്രകാരമുള്ള പാഠപുസ്തകങ്ങൾ ഇതിനകം തന്നെ എല്ലാ സ്കൂളുകൾക്കും വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാഭ്യാസം ശാസ്ത്രീയമായി പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | സ്പെഷ്യൽ സ്കൂളുകളിൽ നിലവിൽ എസ്.സി.ഇ.ആർ.റ്റി വികസിപ്പിച്ച ശാസ്ത്രീയ അടിത്തറയുള്ള വിദ്യാഭ്യാസ സമ്പ്രദായമാണ് നടപ്പിലാക്കി വരുന്നത് |

സെക്ഷൻ ഓഫീസർ